(എഫ്) കേന്ദ്രത്തിൽനിന്നും നടപ്പ് സാമ്പത്തിക വർഷം അനുവദിക്കുന്ന വിഹിതത്തിന്റെ അന്തിമ തീരുമാനങ്ങൾ കേന്ദ്ര സർക്കാർ അറിയിച്ചിട്ടില്ല. ആയതിനാൽ താരതമ്യം നടത്തുവാൻ കഴിയുകയില്ല.

(ജി) ഈ പദ്ധതികളുടെ നടത്തിപ്പിലെ നേട്ടം വിലയിരുത്തുന്നത് കാലാകാലങ്ങളിൽ സർക്കാർ നിർദ്ദേശിക്കുന്ന സ്വതന്ത്ര ഏജൻസികളാണ്. ചെലവുകൾ ഓഡിറ്റു ചെയ്യുന്നത് ചാർട്ടേർഡ് അക്കൗണ്ടന്റുമാരും അക്കൗണ്ടന്റ് ജനറലുമാണ്.

30 (1132) ഗ്രാമവികസന ബ്ലോക്കുകൾവഴി ഭവന നിർമ്മാണ പദ്ധതികൾ

ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ വിവിധ ഭവന നിർമ്മാണ പദ്ധതികൾ ഗ്രാമവികസന ബ്ലോക്കുകൾ വഴി നടത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഗ്രാമവികസന വകുപ്പിൽ പ്രത്യേകം ഹൗസിംഗ് ആഫീസർ, ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്നതിനാൽ ഭവന നിർമ്മാണ പദ്ധതികൾ കൂടുതൽ ഫലപ്രദമായി നടത്താൻ കഴിയുന്നില്ലെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ എല്ലാ ഭവനനിർമ്മാണ പദ്ധതികളും ഗ്രാമവികസന ബ്ലോക്കുകൾ വഴി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നില്ല.

(ബി) ഇല്ല.

31 (1133) ദാരിദ്ര്യരേഖാ സർവ്വേ

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദാരിദ്ര്യരേഖാ സർവ്വേ നടത്തുകയുണ്ടായോ;

(ബി) എങ്കിൽ ആരാണ് ഇത് നടത്തിയതെന്ന് വെളിപ്പെടുത്തുമോ;

(സി) എന്തെല്ലാം വിവരങ്ങളാണ് ശേഖരിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത സർവ്വേയുടെ നിഗമനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ കണ്ടെത്തുന്നതിനുള്ള സെൻസസ് നടത്തിയിട്ടുണ്ട്.

(ബി) ഗ്രാമവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ പഞ്ചായത്ത് തലത്തിലുള്ള കൃഷി, റവന്യൂ, ഫിഷറീസ് പഞ്ചായത്ത്, ഗ്രാമവികസനം എന്നീ വകുപ്പുകളിലെ ജീവനക്കാരാണ് ഈ സർവ്വേ നടത്തിയത്.

(സി) ഈ സെൻസസിൽ ഓരോ കുടുംബത്തിന്റെയും സാമ്പത്തിക നിലവാരത്തിനുപുറമെ സാക്ഷരതാ നിലവാരം, തൊഴിൽപരവും വ്യക്തിഗതവുമായ വിവരങ്ങൾ, ഭവന നിലവാരവും ഭൂഉടമസ്ഥാവകാശം സംബന്ധിച്ച

LIBRARY ARCHIVES Kerala Legislative Assembly